"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - 2015 ൽ കേരളത്തിൽ വെച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബിയിൽ വെങ്കല മെഡൽ നേടിയ ടീം അംഗമായ ശ്രീമതി ഹരിശ്രീ എം., തേരിയംവിള വീട്, പേരയം, പാലോട്, തിരുവനന്തപുരം-ന് കായിക യുവജനകാര്യ വകുപ്പിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.74/2025/GAD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-
1. 20/05/2006 ലെ സ.ഉ.(കൈ) നം. 127/2006/പൊഭവ.
2. 23/07/2014 ലെ സ.ഉ.(അച്ചടി) നം. 206/2014/പൊഭവ.
3. 26/08/2019 ലെ സ.ഉ.(കൈ) നം. 7/2019/എസ്.വൈ.എ.
4. 25/02/2021 ലെ സ.ഉ.(കൈ) നം. 65/2021/പൊഭവ
5. 14/03/2022 ലെ സ.ഉ.(കൈ) നം. 39/2022/പൊഭവ
6. ശ്രീമതി ഹരിശ്രീ എം. 21/10/2022 ന് സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

2015 ൽ കേരളത്തിൽ വെച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കാൻ അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 82 കായികതാരങ്ങൾക്ക് കായിക യുവജനകാര്യ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് പരാമർശം (4) പ്രകാരവും എസ്.എസ്.എൽ.സി യോഗ്യത കൈവരിച്ചിട്ടില്ലാത്ത ഒരാൾക്ക് പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും നിയമിക്കുന്നതിന് പരാമർശം (5) പ്രകാരവും സർക്കാർ അനുമതി അനുമതി നൽകിയിരുന്നു.

**2.** 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീമിനത്തിൽ

വെങ്കലമെഡൽ നേടിയ ടീമിൽ അംഗമായിരുന്ന ശ്രീമതി ഹരിശ്രീ എം-ന് മെഡൽ നേടിയ സമയത്ത് പതിനെട്ട് വയസ് തികഞ്ഞിരുന്നില്ല. 18 വയസ് തികഞ്ഞപ്പോൾ അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നും തന്റെ ടീം അംഗങ്ങളായ എല്ലാവർക്കും നിയമനം ലഭിച്ചിട്ടും തനിക്ക് മാത്രം നിയമനം ലഭിച്ചില്ലെന്നും തന്റെ ദയനീയാവസ്ഥയും സാമ്പത്തിക ബുദ്ധിമുട്ടും പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നുമഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി ഹരിശ്രീ എം പരാമർശം (6) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2015 ൽ കേരളത്തിൽ വെച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീമതി ഹരിശ്രീ എം.-ന് കായിക യുവജനകാര്യ വകുപ്പിൽ Rs. 26,500 - 60,700 ശമ്പളസ്കെയിലിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി ഹരിശ്രീ എം.-ന്റെ സർവ്വീസ് സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ടിയാളുടെ നിയമനം പരാമർശം (2) ലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

5. കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ശ്രീമതി ഹരിശ്രീ എം. ന് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതാണ്. കായിക രംഗത്തെ പ്രവർത്തനങ്ങൾക്കായി കഴിയുന്നിടത്തോളം വകുപ്പിൽ ടിയാൾ ആവശ്യപ്പെടുന്ന / തിരഞ്ഞെടുക്കുന്ന സ്ഥലത്ത് തന്നെ നിയമനം നൽകേണ്ടതാണ്. ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ്

നടപ്പിലാക്കിയ വിവരവും ശ്രീമതി ഹരിശ്രീ എം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ പ്രസ്തുത വിവരവും ഡയറക്ടർ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയാണെങ്കിൽ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീമതി ഹരിശ്രീ എം., തേരിയംവിള വീട്, പേരയം, പാലോട്, തിരുവനന്തപുരം. (*രജിസ്റ്റേർഡ് തപാൽ മുഖേന*)
2. ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ്. (*28/05/2025 ലെ ഇനം നം. 2979 പ്രകാരം*)
6. ധനകാര്യ (വ്യയം - എ) വകുപ്പ്. (*04/11/2023 ലെ EXP-A2/55/2020-FIN പ്രകാരം.*)
7. കായിക യുവജനകാര്യ (എ) വകുപ്പ്.
8. ഐ.&. പി ആർ ഡി വെബ് & ന്യൂ മീഡിയ.
9. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/88/2023/പൊഭവ)

*ഉത്തരവിൻ പ്രകാരം*

Signed by
Badusha S
Date: 31-05-2025 11:36:40

*സെക്ഷൻ ഓഫീസർ*

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. എസ്.ഡി.1/88/2023/പൊ.ഭ.വ. ഇനം നം: 2979

വിഷയം : പൊതുഭരണ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീമിനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീമതി. ഹരിശ്രീ. എം.-ന് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

819
29/05/2025
12.30 noon

2979

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ് ഡി.1/88/2023-പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീമിനത്തിൽ വെങ്കലമെഡൽ നേടിയ ശ്രീമതി. ഹരിശ്രീ എം. ന് നിയമനം നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.05.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 21.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീമിനത്തിൽ വെങ്കലമെഡൽ നേടിയ ശ്രീമതി. ഹരിശ്രീ എം. ന് നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 26.08.2019 ലെ സ.ഉ.(കൈ)നം.7/2019/S&YA പ്രകാരം 2015 ലെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീമിനങ്ങളിൽ വെള്ളി, വെങ്കലമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക്, വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം നൽകാൻ അനുമതി നൽകുകയും പ്രസ്തുത കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിനായി, വിവിധ സർക്കാർ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പൊതുഭരണ (സർവീസസ്-ഡി) വകുപ്പിനെ ചുമതലപ്പെടുത്തുകയുമുണ്ടായി.

3) 25.02.2021 ലെ സ.ഉ.(കൈ)നം.65/2021/പൊ.ഭ.വ. ഉത്തരവ് പ്രകാരം 19000 - 43600 രൂപ ശമ്പള സ്കെയിലിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ ക്ലാർക്കിന്റെ 82 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാനും 26.08.2019 ലെ സ.ഉ.(കൈ)നം.7/2019/S&YA ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 82 കായിക താരങ്ങളെ പ്രസ്തുത വകുപ്പിൽ ഉൾക്കൊള്ളിക്കാനും സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് 14.03.2022 ലെ സ.ഉ.(കൈ)നം.39/2022/GAD പ്രകാരം എസ്.എസ്.എൽ.സി. പാസായിട്ടില്ലാത്ത ശ്രീ. സുഭാഷ് കെ. കെ. യെ പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിനും അനുമതി നൽകുകയുണ്ടായി.

4) 2015 ലെ ദേശീയ ഗെയിംസിൽ റഗ്ബിയിൽ വെങ്കലമെഡൽ നേടിയ ടീമംഗമായ ശ്രീമതി. ഹരിശ്രീ എം. ന് 05.04.2019 ൽ 18 വയസ് പൂർത്തിയായിരുന്നു. എന്നാൽ 18 വയസ് പൂർത്തിയായപ്പോൾ നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. 21.10.2022 ന്

ശ്രീമതി ഹരിശ്രീ എം. തന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും ടീം അംഗങ്ങളായ മറ്റെല്ലാവർക്കും നിയമനം ലഭിച്ചിട്ടുള്ളതും പരിഗണിച്ച് നിയമനം നൽകണമെന്നാവശ്യപ്പെട്ട് കായിക യുവജനകാര്യ വകുപ്പിൽ നിവേദനം സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി കായികയുവജനകാര്യ വകുപ്പ് ഫയൽ പൊതുഭരണ വകുപ്പിന് കൈമാറുകയുണ്ടായി. ശ്രീമതി. ഹരിശ്രീ എം. ന് നിയമനം നൽകുന്ന വിഷയത്തിൽ അഭിപ്രായം അറിയിക്കുന്നതിലേക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് കൈമാറുകയുണ്ടായി. പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" ശ്രീമതി. ഹരിശ്രീ എം. - ന്റെ ജനനത്തീയതി 05.04.2001 ആണ്. ആയതിനാൽ 16.02.2016 ലെ സ.ഉ.(കൈ)നം.15/16/കാ.യു.വ ലെ വ്യവസ്ഥകൾ പ്രകാരം 2019-ൽ ആയിരുന്നു ടിയാരി ജോലിക്ക് വേണ്ടി അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്. 16.02.2016 ലെ സ.ഉ.(കൈ)നം.15/16/കാ.യു.വ. പ്രകാരം സൃഷ്ടിച്ചിട്ടുള്ള 68 സൂപ്പർന്യൂമററി തസ്തികകളിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ റഗുലർ തസ്തികകളിൽ ആഗിരണം ചെയ്തിട്ടുണ്ടോ എന്ന കാര്യം ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടില്ല. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന വിഷയം ആയതിനാൽ മുപ്പത്തഞ്ചാം ദേശീയ ഗെയിംസിൽ വിജയികളായ കായിക താരങ്ങൾക്ക് ജോലി നൽകുവാൻ ഇനിയും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ല എന്നും, ടിയാൾക്ക് നിയമനം നൽകുവാൻ ഭരണ വകുപ്പ് ഉദ്ദേശിക്കുന്നു എങ്കിൽ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി റഗുലർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ മാനദണ്ഡങ്ങൾ പാലിച്ച് കായിക യുവജനകാര്യ വകുപ്പിലോ, മറ്റ് വകുപ്പുകളിലോ നിയമനം നൽകുന്ന കാര്യത്തിൽ ഭരണ വകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു. "

5) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബിയിൽ വെങ്കല മെഡൽ നേടിയ ശ്രീമതി ഹരിശ്രീ എം. ന് കായിക യുവജനകാര്യ വകുപ്പിലോ മറ്റേതെങ്കിലും വകുപ്പിലോ നിലവിലുള്ള റെഗുലർ ഒഴിവിൽ നിയമിക്കുന്ന വിഷയം മന്ത്രിസഭയുടെ

പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. റെഗുലർ ഒഴിവുകൾ ഇല്ലാത്തതിനാൽ നിരവധി കായികതാരങ്ങൾ റെഗുലറൈസേഷനായി കാത്തിരിക്കുന്നുണ്ടെന്ന് കായികയുവജനകാര്യ ഡയറക്ടർ ഇതിനോടകം റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് കേരള ഹൈക്കോടതി രജിസ്ട്രാർ തിരുവനന്തപുരം ജില്ലാ ജുഡീഷ്യറിയിൽ ക്ലാർക്കിന്റെ ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, ശ്രീമതി ഹരിശ്രീ എം. ന്റെ ടീമംഗങ്ങൾ ഉൾപ്പെടെ 57 പേർ കായിക യുവജനകാര്യ വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ തുടരുമ്പോൾ ടിയാളെ റെഗുലർ തസ്തികയിൽ നിയമിക്കുന്നത് ഉചിതമാകില്ലായെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ട്. തുടർന്ന് കായിക യുവജനകാര്യ വകുപ്പിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ശ്രീമതി ഹരിശ്രീ എം. ന് നിയമനം നൽകാവുന്നതാണെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

7) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

35-ാമത് ദേശീയ ഗെയിംസിൽ ടീമിനത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് വെള്ളി - വെങ്കല മെഡലുകൾ നേടിയ 82 കായികതാരങ്ങൾക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് കായിക യുവജനകാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ, റെഗുലർ തസ്തികയിൽ നിയമിക്കണമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട്, 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബിയിൽ വെങ്കലമെഡൽ നേടിയ ശ്രീമതി ഹരിശ്രീ എം. ന് (യഥാസമയം അപേക്ഷ സമർപ്പിച്ചിരുന്നില്ല) കായിക യുവജനകാര്യ വകുപ്പിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?